

LSGD

തദ്ദേശ സ്വയംഭരണ വകുപ്പ്

# രാമപുരം ഗ്രാമപഞ്ചായത്ത്

Ksmart

# BUDGET

## 2026-2027

# രാമപുരം ഗ്രാമപഞ്ചായത്ത്
# ഭരണസമിതി



**ശ്രീ. കെ കെ ശാന്താറാം**
**പ്രസിഡന്റ്**



**ശ്രീമതി. സിന്ധു ടോം**
**വൈസ് പ്രസിഡന്റ്**



ശ്രീമതി. സൗമ്യ സേവ്യർ
വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർപേഴ്സൺ



ശ്രീമതി. മിനി റ്റി ജോൺ
ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർപേഴ്സൺ



ശ്രീ. ജീനസ് നാഥ്
ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർമാൻ



ശ്രീമതി. ഗോപിക ജി അമ്പാടി
മെമ്പർ വാർഡ് 1



ശ്രീമതി. ലിസമ്മ മത്തച്ചൻ
മെമ്പർ വാർഡ് 4



ശ്രീമതി. മിനി സണ്ണി
മെമ്പർ വാർഡ് 5



ശ്രീമതി. സൗമ്യ ജോസഫ്
മെമ്പർ വാർഡ് 6



ശ്രീ. ശ്രീക്കുട്ടൻ എം ഒ
മെമ്പർ വാർഡ് 9



ശ്രീ. വിഷ്ണു എൻ ആർ
മെമ്പർ വാർഡ് 10



കുമാരി. ആൻസ് മരിയ ജോസ്
മെമ്പർ വാർഡ് 5



ശ്രീ. ടൈറ്റസ് മാത്യു
മെമ്പർ വാർഡ് 13



ശ്രീമതി. ലിജിമോൾ സണ്ണി
മെമ്പർ വാർഡ് 14



ശ്രീമതി. സാലി ജെയ്മോൻ
മെമ്പർ വാർഡ് 15



ശ്രീ. ശ്രീനിവാസ് എം പി
മെമ്പർ വാർഡ് 16



ശ്രീമതി. സിന്ധു പി കെ
മെമ്പർ വാർഡ് 17



ശ്രീ. ബൈജു ജോൺ
മെമ്പർ വാർഡ് 18



ശ്രീ. ജോസ് തോമസ്
മെമ്പർ വാർഡ് 19



ശ്രീമതി. പാർവതി ആർ
സെക്രട്ടറി, രാമപുരം ഗ്രാമപഞ്ചായത്ത്

# രാമപുരം ഗ്രാമ പഞ്ചായത്ത്

# ബഡ്ജറ്റ് പ്രസംഗം

## 2026–2027

**അവതാരിക:ശ്രീമതി. സിന്ധു ടോം**

**(വൈസ് പ്രസിഡന്റ്)**



**കെ.കെ. ശാന്താറാം**
പ്രസിഡൻറ്,
**രാമപുരം ഗ്രാമപഞ്ചായത്ത്**

പ്രിയപ്പെട്ടവരെ ,

ആശങ്കയുളവാക്കുന്ന വർത്തമാനകാല ലോക പരിസരത്ത് നിന്ന് യുദ്ധത്തിന്റെയും അരക്ഷിതാവസ്ഥയുടെയും അനുഭവങ്ങളിലൂടെയും ലോകം കടന്നു പോകുമ്പോൾ ആശങ്കകൾക്കുമപ്പുറത്ത് ആശയുടെയും പ്രതീക്ഷയുടെയും അതിജീവന ചിന്തകളെ മാത്രം മുന്നിൽ കരുതി കൊണ്ടാണ് 2026-27 ലെ രാമപുരം ഗ്രാമപഞ്ചായത്തിന്റെ ബഡ്ജറ്റ് അവതരിപ്പിക്കപ്പെടുന്നത്. വൈവിധ്യ ജീവിതങ്ങളുടെ അനന്തമായ പച്ചപ്പുള്ള നമ്മുടെ നാടിന്റെ മണ്ണിൽ, രാമപുരമെന്ന പവിത്രതയാർന്ന ചെറിയൊരു ഭൂവിസ്തൃതിയിൽ ഒതുങ്ങുന്ന നമ്മൾക്കും ചില സ്വപ്നങ്ങൾ ഉണ്ടാവണം. നാടിന്റെ എല്ലാ പ്രദേശത്തെ ജനങ്ങളെയും എല്ലാ വിഭാഗങ്ങളെയും പരിഗണിക്കുന്ന ഒരു വികസന കാഴ്ചപ്പാട് മുന്നോട്ടുവയ്ക്കുന്ന ഈ ബഡ്ജറ്റ് നമ്മളെ സംബന്ധിച്ച് പ്രതീക്ഷയും അഭിമാനവുമാണ്. കർഷകർ തിങ്ങിപ്പാർക്കുന്ന നമ്മുടെ പഞ്ചായത്തിൽ തളർന്നു കിടക്കുന്ന കാർഷിക മേഖലയുടെ പുനരുജ്ജീവനം അടിയന്തര പ്രാധാന്യം അർഹിക്കുന്നുണ്ട്. നിരവധിയായ വ്യക്തിഗത ആനുകൂല്യങ്ങൾ ഘടക സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നതിനൊപ്പം പഞ്ചായത്തിലെ തരിശു നിലങ്ങളും ഭൂമികളും കൃഷിയിടമാക്കുന്നതിനും കർഷകർ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഇടനിലക്കാരന്റെ ചൂഷണം ഇല്ലാതെ ആവശ്യക്കാരിൽ എത്തിക്കാൻ കർഷക ഓപ്പൺ മാർക്കറ്റും ക്ഷീരകർഷകരെയും ഉൾപ്പെടുത്തി കർഷകനെ കരുതുന്നതിനായി **"കർഷകാർദ്രം"** പദ്ധതി നടപ്പാക്കുകയാണ്

ഏതൊരു നാടിന്റെയും സമ്പത്തും കരുത്തും ആ നാട്ടിലെ ജനതയുടെ ആരോഗ്യമാണ്. ജീവിതശൈലി രോഗങ്ങൾ എന്ന് ചെറിയതായി കാണാതെ അതിനെ അഭിമുഖീകരിക്കുക തന്നെ വേണം. ആബാലവൃദ്ധം ജനങ്ങളെയും കായികരംഗത്ത് സജീവമാക്കി ആരോഗ്യം മെച്ചപ്പെടുത്താനുള്ള പദ്ധതി ഈ ബജറ്റ് വിഭാവനം ചെയ്യുന്നു. നിലവിലെ പഞ്ചായത്ത്

സ്റ്റേഡിയത്തിന് നവീകരണം പരിഗണിക്കുമ്പോൾ തന്നെ നമ്മുടെ പഞ്ചായത്തിന്റെ നോർത്ത് സൗത്ത് വശങ്ങളിലും ടർഫ് മോഡൽ കളിക്കളങ്ങൾ നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്നു. പഞ്ചായത്തിന്റെ മിനിമം മൂന്ന് കേന്ദ്രങ്ങളിലെങ്കിലും ഓപ്പൺ ജിം ഉൾപ്പെടെ വിഭാവനം ചെയ്യുന്നതുകൊണ്ട് ആരോഗ്യകായികം പദ്ധതി നടപ്പിലാക്കും. ഇതിൽ മെച്ചപ്പെട്ട സൗകര്യത്തോടുകൂടിയുള്ള ഒരു നീന്തൽ കുളവും കൂടി പരിഗണിക്കുന്നുണ്ട്.

കാലമേറെ ചെല്ലുമ്പോൾ നമ്മുടെ നാട് പോലും നഗരവൽക്കരണത്തിന്റെ നേരനുഭവങ്ങളുടെ സാക്ഷികളാകുമ്പോൾ രാത്രികൾ പകലാക്കുക സ്വാഭാവികമാണ്. കൂടുതൽ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിച്ച് പുതിയ തെരുവിളക്കുകൾ സ്ഥാപിക്കുന്നതോടൊപ്പം പഴയ തെരുവുകളുടെ അറ്റകുറ്റപ്പണി കൂടി നടത്തുകയും തെരുവു വിളക്കിനുള്ള സ്ട്രീറ്റ് ലൈൻ സാദ്ധ്യമാകാത്തിടത്ത് സോളാർ ലൈറ്റുകൾ സ്ഥാപിച്ചും പഞ്ചായത്തിന് വെളിച്ച മേഖലയാകെ ഉൾപ്പെടുത്തിക്കൊണ്ട് **"അക്ഷയദീപ്തി"** പദ്ധതി നടപ്പിലാക്കും.

നമ്മുടെ നാടിന്റെ പ്രത്യേകിച്ച് പുതിയ കാലത്തെ പ്രധാന പ്രശ്നമായ ട്രാഫിക് പ്രശ്നം നാളെകളിൽ പരിഹരിക്കുന്നതിന് ലക്ഷ്യം വെച്ച് രാമപുരം ടൗണിന്റെ പുറത്തുകൂടി തന്നെ പാലാ തൊടുപുഴ, പിഴക് , കൂത്താട്ടുകുളം , ഉഴവൂർ ഭാഗങ്ങളിലേക്ക് പോകുന്നതിന് ടൗണിനെ ചുറ്റി റിംഗ്റോഡ് നിർമിക്കാനാഗ്രഹിക്കുന്നു. നിലവിലെ റോഡുകൾ അറ്റകുറ്റപ്പണി ചെയ്ത് യോഗ്യമാക്കുക മാത്രമല്ല പുതിയതിന് പദ്ധതിയിടുകയും ചെയ്യുന്നുണ്ട്.

ഏറെ വികസന വരുമാനദായകമായ ടൂറിസ്റ്റ് മേഖലയിലും നമുക്ക് മുന്നേറേണ്ടതുണ്ട് . അതിനനുസരിച്ച് സാഹചര്യമുള്ള മേഖലയാണ് നമ്മുടെ പഞ്ചായത്ത്. ഫാത്തിമാഗിരി ,രാമപുരം പള്ളി, നാലമ്പലം, കുറിഞ്ഞിക്കാവ് ,കുറിഞ്ഞി കൂമ്പൻ മല , ഏഴാച്ചേരി തോട് , ബിറ്റ്സവീൻ റോക്ക്സ് ഇവയെല്ലാം ബന്ധിപ്പിച്ചുകൊണ്ട് ടൂറിസം പ്രോജക്ട് സർക്കാർ സഹകരണത്തോടെ നടപ്പിലാക്കും

നമ്മുടെ സ്കൂൾ കുട്ടികളുടെ ദന്തസംരക്ഷണത്തിന്റെ ഭാഗമായി കുട്ടികളുടെ പല്ല് പരിശോധിച്ച് ചികിത്സ ആവശ്യമുള്ളവർക്ക് അത് സാധിച്ചു കൊടുക്കുന്ന പദ്ധതി വിഭാവനം ചെയ്യുന്നു. കൂടാതെ ലഹരി വിരുദ്ധവും മൂല്യജീവിതബന്ധിയുമായ പരിശീലന ക്ലാസുകൾ ബാലസൗഹൃദ പദ്ധതിയിലൂടെ നടപ്പിലാക്കും. കുട്ടികൾക്ക് പ്രഭാത ഉച്ചഭക്ഷണങ്ങൾ പോഷകാഹാരങ്ങൾ എന്നിവ ഉറപ്പാക്കുന്ന പദ്ധതികൾ ആവിഷ്കരിക്കും.

പ്രായം അനിവാര്യമായ മനുഷ്യാവസ്ഥയാണെങ്കിലും അവരെക്കുറിച്ചുള്ള കരുതൽ കുറഞ്ഞുവരുന്ന ഒരു സമൂഹത്തിലാണോ നമ്മൾ ജീവിക്കുന്നതെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. മുൻ വർഷങ്ങളിൽ തുടങ്ങിവച്ച വയോജനങ്ങൾക്ക് കട്ടിൽ വിതരണം, ബ്ലഡ് പ്രഷർ മോണിറ്റർ എന്നിവ ഇപ്രാവശ്യം ഉൾപ്പെടുത്തുന്നതിന് ബജറ്റിൽ വിഭാവനം ചെയ്യുന്നു

സാമ്പത്തിക സ്വാശ്രയത്തത്തിലൂന്നിയ ശാസ്ത്രത്തിലും സാമൂഹ്യ സുരക്ഷിതത്വവും ആത്മാഭിമാന സംരക്ഷണവും ഉറപ്പുവരുത്തുന്ന വനിത ഘടക പദ്ധതികൾക്ക് മുൻഗണന നൽകുന്നു

സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും വിഭവവിതരണ ലഭ്യതയിലും അധികാര പങ്കാളിത്തത്തിലും ഭാഗമാകേണ്ടതുണ്ട്. കുടിവെള്ളം ഉൾപ്പെടെ ഏറ്റവും അടിസ്ഥാന ആവശ്യങ്ങൾക്ക് അർഹമായ സ്ഥിതിയിലുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തെ ലക്ഷ്യം വെച്ച് വിദ്യാഭ്യാസരംഗത്തും വീട്, കുടിവെള്ള കാർഷിക മേഖലയിലാകെ ഗുണകരമായ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്.

ഇന്നലെകളിൽ നിന്ന് നാം കടംകൊണ്ട ഈ പ്രകൃതിയുടെയും പരിസ്ഥിതിയുടെയും യഥാർത്ഥ അവകാശികൾ നാളത്തെ മനുഷ്യരും ജീവജാലങ്ങളുമാണ്. കയ്യിൽ കിട്ടിയ സ്ഥിതിയെക്കാൾ മെച്ചപ്പെട്ട ഒരു കാലത്തെയും പ്രകൃതിയെയും നാളേക്ക് കൈമാറുന്നതിനുള്ള ഉത്തരവാദിത്വവും നമുക്കുണ്ട്. അതിനാൽ തന്നെ ജൈവവൈവിധ്യങ്ങളെ സംരക്ഷിക്കുന്നതിനാവശ്യമായ ആവശ്യമായ തുകയും ബഡ്ജറ്റിൽ വക കൊള്ളിക്കുന്നുണ്ട്

അതെ മനുഷ്യനെയും പ്രകൃതിയെയും എല്ലാ വിഭാഗങ്ങളെയും പരിഗണിക്കുന്ന ഒരു ബഡ്ജറ്റ് അവതരിപ്പിക്കുമ്പോഴും പൂർണ്ണമാണെന്നും ഈ ബഡ്ജറ്റ് നമ്മുടെ പഞ്ചായത്തിന്റെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാണെന്നും അവകാശപ്പെടുന്നില്ല . എന്നിരുന്നാലും പരമാവധി ഗൗരവമായി വിഷയങ്ങളെ പരിഗണിച്ച് ആസൂത്രണം ചെയ്യാനുള്ള ആത്മാർത്ഥതയെ ചോദ്യം ചെയ്യാനാവില്ലെന്ന് കരുതുന്നു. മേൽപ്പറഞ്ഞ പദ്ധതികളും നിലപാടുകളും യാഥാർത്ഥ്യമാക്കുന്നതിന് പ്ലാൻ ഫണ്ട്, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഗ്രാൻറുകൾ , പഞ്ചായത്ത് തനത് വരുമാനം , എംഎൽഎ, എംപി ഫണ്ടുകൾ, സി എസ് ആർ ഫണ്ട് സംഭാവനകൾ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ ഫണ്ട് എന്നിവ വിനിയോഗിക്കുവാൻ കഴിയും. ഈ പരിശ്രമങ്ങൾ യാഥാർത്ഥ്യത്തിലേക്കാകുവാൻ എല്ലാവരുടെയും പിന്തുണ അഭ്യർത്ഥിച്ചുകൊണ്ട് ഈ ബഡ്ജറ്റ് അംഗീകാരത്തിനായി കമ്മിറ്റി മുമ്പാകെ വയ്ക്കുന്നു.



**സിന്ധു ടോം**
**വൈസ് പ്രസിഡൻറ്,**
**രാമപുരം ഗ്രാമപഞ്ചായത്ത്**

**ബഹുമാന്യരെ,**

രാമപുരം ഗ്രാമപഞ്ചായത്തിൻറെ 2026- 27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214 ഉം 2008 ലെ കേരള പഞ്ചായത്ത് രാജ് ബജറ്റ് തയ്യാറാക്കൽ ചട്ടങ്ങളും ഉപചട്ടങ്ങളും പ്രകാരം ഈ കമ്മറ്റി മുമ്പാകെ ഞാൻ അവതരിപ്പിക്കുകയാണ്. രാഷ്ട്രപിതാവ് മഹാത്മാഗാന്ധിജിയുടെ വികസന സങ്കല്പം "ഗ്രാമീണ സ്വയംഭരണത്തിലും മാനവികതയിലും അധിഷ്ഠിതമായ സുസ്ഥിര വികസന മാണ്. ഗ്രാമസ്വരാജ് എന്ന വലിയ ലക്ഷ്യം നിറവേറ്റുന്നതിന് ജനങ്ങൾ തെരഞ്ഞെടുത്ത ഈ ഭരണസമിതിയുടെ ആദ്യ ബഡ്ജറ്റ് നിങ്ങൾ ഏവരുടെയും അനുവാദത്തോടെ ഞാൻ അവതരിപ്പിക്കുന്നു.

പഞ്ചായത്തിൻറെ സമസ്തമേഖലകളിലും വികസനത്തിന്റെ ചലനങ്ങൾ സൃഷ്ടിക്കുക, ജനക്ഷേമം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് ഈ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ലഭ്യമായ വിഭവങ്ങൾ വിനിയോഗിച്ച് നാടിൻറെ സമഗ്രവും സർവ്വതോന്മുകവുമായ വികസനവും പുരോഗതിയും മുന്നിൽകണ്ടും പിന്നോക്ക മേഖലകളെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും ഉപകരിക്കുന്ന പദ്ധതികൾ ആണ് ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാൻ ശ്രമിച്ചിട്ടുള്ളത്. നിയമാനുസൃതം പഞ്ചായത്തിൽ ലഭിക്കേണ്ട നികുതി-നികുതിയേതര വരുമാനം സമാഹരിക്കുന്നതിൽ മെച്ചപ്പെട്ട പ്രവർത്തനമാണ് നടന്നുവരുന്നത്. മുൻവർഷം നികുതി പിരിവിൽ 92% നേട്ടം കൈവരിച്ചത്

ഈ അവസരത്തിൽ ഓർക്കുന്നു. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.കാലാകാലങ്ങളായി ലഭ്യമാകുന്ന സംസ്ഥാന സർക്കാർ പദ്ധതി വിഹിതം, കേന്ദ്രസർക്കാർ വിഹിതം, വിവിധ ഏജൻസികളിൽ നിന്നുള്ള ഫണ്ടുകൾ എന്നിവ കൂടാതെ കേന്ദ്ര സംസ്ഥാന ഫണ്ടുകൾ , എം.പി ഫണ്ട് , എം.എൽ.എ ഫണ്ട്,സി.എസ്.ആർ ഫണ്ട് എന്നീ ഇതര ഫണ്ടുകൾ എന്നിവയും ഉൾപ്പെടുത്തി 23 കോടിയോളം തുക വകയിരുത്തി സമസ്ത മേഖലകളിലും വികസനം നടപ്പിലാക്കുന്നതിന് ബഡ്ജറ്റ് ലക്ഷ്യം വയ്ക്കുന്നു. വിവിധ ഇനങ്ങളിലുള്ള പ്രതീക്ഷിത വരവുകൾ ചുവടെ പറയുന്നു.

| | |
|---|---|
| **പ്രതീക്ഷിത വരവ്** | |
| മുൻ ബാക്കി | 14256363 |
| നികുതി വരുമാനം | 14180000 |
| നികുതിയേതര വരുമാനം | 8194500 |
| ജനറൽ പർപ്പസ് ഗ്രാൻറ് | 19452852 |
| പദ്ധതി വിഹിതം | 61211000 |
| വായ്പ | 3300000 |
| സാമൂഹ്യ സുരക്ഷ പെൻഷനുകൾ | 101416752 |
| MGNREGS | 14396000 |
| ആകെ വരവുകൾ (A) | 236407467 |
| **പ്രതീക്ഷിത ചെലവ്** | |
| എസ്റ്റാബ്ലിഷ്മെൻറ് ചെലവ് | 22645000 |
| ഭരണപരമായ ചെലവുകളും അനിവാര്യ ചുമതലകളും | 16250000 |
| പദ്ധതി ചെലവുകൾ | 70532770 |
| MGNREGS | 14396000 |
| പെൻഷൻ | 101416752 |
| ആകെ ചെലവുകൾ (B) | 225240522 |
| നീക്കിയിരിപ്പ് ബാക്കി (A-B) | 11166944 |

കേന്ദ്ര സംസ്ഥാന ഫണ്ടുകൾ , എം.പി ഫണ്ട് , എം.എൽ.എ ഫണ്ട് , സി.എസ്.ആർ ഫണ്ട് , ഇതര ഫണ്ടുകൾ ഉപയോഗിച്ചു കൊണ്ട് 2026–27 വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

- **കർഷകാർദ്രം പദ്ധതി** - 10 ലക്ഷം
- **ആരോഗ്യകായികം പദ്ധതി** - 3 കോടി
- **അക്ഷയദീപ്തി** - 2 കോടി
- **രാമപുരം ബൈപ്പാസ് റിംഗ് റോഡ്** - 5 കോടി
- **ടൂറിസം സർക്യൂട്ട് പ്രോജക്ട്** - 5 കോടി

# RAMAPURAM GRAMAPANCHAYAT
# FORM -1

| SN | HEAD OF ACCOUNTS | BUDGET YEAR 2026-27 |
|---|---|---|
| | ഓപ്പണിങ് ബാലൻസ് | 14256363 |
| 1 | 1100101 വസ്തു നികുതി | 12075000 |
| 2 | 1101001 തൊഴില് നികുതി - ജീവനക്കാര് | 1580000 |
| 3 | 1101002 തൊഴില് നികുതി - വ്യാപാരികള്/ സ്ഥാപനങ്ങള് | 525000 |
| 4 | 1401001 സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽസ്ഥാപനങ്ങളുടേയും രജിസ്ട്രേഷന് ഫീ | 3000 |
| 5 | 1401101 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് ഫീ | 504000 |
| 6 | 1401105 വളർത്തു മൃഗങ്ങൾക്കുള്ള ലൈസൻസ് ഫീസ് | 5000 |
| 7 | 1401106 വളർത്തു നായ്ക്കൾക്കുള്ള ലൈസൻസ് ഫീസ് | 4000 |
| 8 | 1401107 ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഫീസ് | 3000 |
| 9 | 1401201 കെട്ടിട നിർമ്മാണത്തിനുള്ള ഫീസ് | 1600000 |
| 10 | 1401202 യന്ത്രം സ്ഥാപിക്കുന്നതിനുള്ള ഫീസ് | 75000 |
| 11 | 1401203 പെർമിറ്റ് അപേക്ഷാ ഫീസ് | 210000 |
| 12 | 1401204 അധിക FSIക്കുള്ള പെർമിറ്റ് ഫീസ് | 200000 |
| 13 | 1401205 ടെലികമ്മ്യൂണിക്കേഷന് ടവര് സ്ഥാപിക്കുന്നതിനുള്ള ഫീസ് | 25000 |
| 14 | 1401302 ജനന മരണം താമസിച്ചുള്ള രജിസ്ട്രേഷനുള്ള ഫീസ് | 500 |
| 15 | 1401304 വിവാഹ രജിസ്ട്രേഷനുള്ള ഫീസ് | 18500 |
| 16 | 1401305 നോണ് അവൈലബിലിറ്റി സർട്ടിഫിക്കറ്റിനുള്ള ഫീസ് | 2000 |
| 17 | 1401306 രജിസ്ട്രേഷനിലെ തിരുത്തലിനുള്ള ഫീസ് | 1000 |
| 18 | 1401399 മറ്റ് സർട്ടിഫിക്കറ്റുകൾക്കും പകർപ്പുകൾക്കുമുള്ള ഫീസുകള് | 8000 |
| 19 | 1401401 വിവരാവകാശനിയമപ്രകാരമുള്ള ഫീസ് | 500 |
| 20 | 1401701 ക്രമവൽക്കരണ ഫീസ് | 1250000 |
| 21 | 1401801 അപേക്ഷാ ഫീസ് | 7000 |
| 22 | 1402001 പിഴപ്പലിശ | 300000 |

| | | |
|---|---|---|
| 23 | 1402003 മറ്റ് പിഴകളും ശിക്ഷകളും | 500000 |
| 24 | 1402005 മാലിന്യം വലിച്ചെറിയുന്നതിനുള്ള പിഴ | 40000 |
| 25 | 1402006 മാലിന്യം വലിച്ചെറിയുന്നതിനുള്ള പിഴ | 2000 |
| 26 | 1404004 ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള ഫീസ് -പിഴ | 60000 |
| 27 | 1404008 താമസിച്ചുള്ള രജിസ്ട്രേഷൻ ഫീസ് | 5000 |
| 28 | 1404009 തിരച്ചില് ഫീസ് | 8000 |
| 29 | 1404011 ലേറ്റ് ഫീ | 2000 |
| 30 | 1404099 മറ്റ് ഫീസുകള് | 110000 |
| 31 | 1405008 ലൈബ്രറികളില് നിന്നുള്ള വരവ് | 1000 |
| 32 | 1407001 റോഡ് മുറിക്കുന്നതിനുള്ള ചാർജ്ജുകള് | 1000000 |
| 33 | 1501099 മറ്റ് ഉൽപ്പന്നങ്ങളുടെ വിൽപ്പനയില് നിന്നുള്ള വരവ് | 10000 |
| 34 | 1501102 ടെന്റർ ഫോമുകളുടെ വിൽപ്പനയില് നിന്നുള്ള വരവ് | 200000 |
| 35 | 1501202 ആക്രി വിൽപ്പനയില് നിന്നുള്ള വരവ് | 300000 |
| 36 | 1501203 കാലഹരണപ്പെട്ട ആസ്തികളുടെ ലേലത്തില് നിന്നുള്ള വരവ് | 60000 |
| 37 | 1601010 ഘടകസ്ഥാപനങ്ങള്/ സ്കീമുകൾക്കുള്ള ഫണ്ട് - കർഷകത്തൊഴിലാളികൾക്കുള്ള പെൻഷന് | 4007200 |
| 38 | 1601012 ഘടകസ്ഥാപനങ്ങള്/ സ്കീമുകൾക്കുള്ള ഫണ്ട് - വിധവപെൻഷന് | 22760400 |
| 39 | 1601013 ഘടകസ്ഥാപനങ്ങള്/ സ്കീമുകൾക്കുള്ള ഫണ്ട് - 50 വയസ്സിനുമുകളില് പ്രായമുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷന് | 1220200 |
| 40 | 1601014 ഘടകസ്ഥാപനങ്ങള്/ സ്കീമുകൾക്കുള്ള ഫണ്ട് - ശാരീരിക മാനസിക ഭിന്നശേഷിക്കാർക്കുള്ള പെൻഷന് | 3958200 |
| 41 | 1601016 ഘടകസ്ഥാപനങ്ങള്/ സ്കീമുകൾക്കുള്ള ഫണ്ട് - വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 |
| 42 | 1601018 ഘടകസ്ഥാപനങ്ങള്/ സ്കീമുകൾക്കുള്ള ഫണ്ട് - വാർദ്ധക്യകാല പെൻഷന് | 39897900 |
| 43 | 1601023 ജനറല് പർപ്പസ് ഫണ്ട് | 19452852 |
| 44 | 1601080 ഘടകസ്ഥാപനങ്ങള്/ സ്കീമുകൾക്കുള്ള ഫണ്ട് - സ്ത്രീസുരക്ഷാ പദ്ധതി | 10000000 |
| 45 | 1711001 ബാങ്ക് അക്കൗണ്ടുകളില് നിന്നുള്ള പലിശ | 950000 |

| | | |
|---|---|---|
| 46 | 1301001 ടൗൺഹാളില് നിന്നുള്ള വാടക | 60000 |
| 47 | 1301002 സ്റ്റേഡിയത്തില് നിന്നുള്ള വാടക | 120000 |
| 48 | 1302003 കെട്ടിടങ്ങളില് നിന്നുള്ള വാടക | 1500000 |
| 49 | 3201001 പ്രത്യേക ആവശ്യങ്ങൾക്കുള്ള ഗ്രാന്റുകള് - പ്രാഥമികാരോഗ്യ കേന്ദ്രങ്ങളേയും ഉപകേന്ദ്രങ്ങളേയും ആരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനുള്ള ആരോഗ്യ ഗ്രാന്റ് | 188000 |
| 50 | 3201002 പ്രത്യേക ആവശ്യങ്ങൾക്കുള്ള ഗ്രാന്റുകള് - പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്ക് പരിശോധനകൾക്കുള്ള പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനുള്ള ആരോഗ്യ ഗ്രാന്റ് | 256000 |
| 51 | 3201004 ധനകാര്യ കമ്മിഷൻ ഗ്രാന്റ് - ഉപാധിയോടുകൂടിയത് | 12931746 |
| 52 | 3201005 ധനകാര്യ കമ്മിഷൻ ഗ്രാന്റ് - ഉപാധിരഹിതം | 4495337 |
| 53 | 3201011 പ്രധാനമന്ത്രിയുടെ പൊതു ഭവനപദ്ധതി - കേന്ദ്രവിഹിതം | 1104000 |
| 54 | 3201020 സംയോജിത ശിശു വികസന പദ്ധതി | 1200000 |
| 55 | 3201035 സമ്പൂർണ്ണ ശുചിത്വ പരിപാടി | 200000 |
| 56 | 3201044 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 14396000 |
| 57 | 3201045 ശുചിത്വ മിഷൻ ഗ്രാന്റ് | 400000 |
| 58 | 3202001 വികസനഫണ്ട് - ജനറല് | 37069000 |
| 59 | 3202002 വികസനഫണ്ട് - പ്രത്യേക ഘടക പദ്ധതി | 4072000 |
| 60 | 3202006 വികസനഫണ്ട് - പ്രത്യേക ഗ്രാന്റ് | 139000 |
| 61 | 3202009 മെയിന്റനൻസ് ഫണ്ട് - റോഡ് | 20927000 |
| 62 | 3202010 മെയിന്റനൻസ് ഫണ്ട് - റോഡിതരം | 6573000 |
| 63 | 3202021 പ്രത്യേക പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും- സംസ്ഥാനാവിഷ്കൃത പദ്ധതികളും വികസന ഫണ്ടും ഒഴികെ - ലൈഫ് മിഷന് | 6000000 |
| 64 | 3202037 മറ്റ് റവന്യൂ ഗ്രാന്റുകള് | 800000 |
| 65 | 3203001 മറ്റ് സർക്കാര് ഏജൻസികളില് നിന്നുള്ള ഗ്രാന്റ് | 6000000 |
| 66 | 3208010 ഗുണഭോക്തൃ വിഹിതം | 3682870 |
| 67 | 3209001 സംയുക്ത പദ്ധതികൾക്കുള്ള വിഹിതം - ജില്ലാപഞ്ചായത്തില് നിന്ന് | 3735000 |

| | | |
|---|---|---|
| 68 | 3209002 സംയുക്ത പദ്ധതികൾക്കുള്ള വിഹിതം - ബ്ലോക്ക് പഞ്ചായത്തില് നിന്ന് | 2600000 |
| 69 | 3305003 കെയുആർഡിഎഫ് സിയില് നിന്നുള്ള വായ്പകള് | 3300000 |
| 70 | ആകെ സുരക്ഷിത വായ്പകൾ | 3300000 |
| 71 | 3401001 നിരതദ്രവ്യം | 30000 |
| 72 | 3401002 സുരക്ഷാ നിക്ഷേപം | 300000 |
| 73 | 3401003 പിടിച്ച് വച്ച തുക | 500000 |
| 74 | 3402001 വാടക നിക്ഷേപം | 200000 |
| 75 | 3402006 ഇലക്ഷൻ നിക്ഷേപം (സ്ഥാനാർത്ഥി) | 160000 |
| 76 | 4605002 നിർവ്വഹണ ഏജൻസികൾക്കുള്ള മുൻകൂറുകള് | 1200000 |
| 77 | 4605005 മഹാത്മാഗാന്ധി എൻആർഇജിഎസ്/ എയുഇജിഎസ് നുള്ള മുൻകൂറുകള് | 300000 |
| 78 | 4605099 മറ്റുള്ളവർക്കുള്ള മുൻകൂര് | 200000 |
| 79 | 2101001 ശമ്പളം - സെക്രട്ടറി | 1200000 |
| 80 | 2101003 ശമ്പളം - സ്ഥിരം ജീവനക്കാര് | 12000000 |
| 81 | 2101004 ശമ്പളം - കരാര് ജീവനക്കാര് | 700000 |
| 82 | 2101007 ശമ്പളം - പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാര് | 200000 |
| 83 | 2101101 വേതനം | 1000000 |
| 84 | 2101201 ബോണസ് | 160000 |
| 85 | 2101501 ഉത്സവബത്ത | 150000 |
| 86 | 2102001 യാത്രാബത്തകള് - സെക്രട്ടറി | 75000 |
| 87 | 2102003 യാത്രാബത്തകള് - സ്ഥിരജീവനക്കാര് | 100000 |
| 88 | 2102004 യാത്രാബത്തകള് - താൽക്കാലിക ജിവനക്കാര് | 60000 |
| 89 | 2102014 മാനവേതനവും ഹാജർ ബത്തയും - കൗൺസിലർമാര്/ അംഗങ്ങള് | 4000000 |
| 90 | 2102016 മറ്റ് അലവൻസുകളും ബത്തകളും | 200000 |
| 91 | 2102019 അദ്ധ്യക്ഷന്, ഉപാദ്ധ്യക്ഷന്, സ്ഥിരം സമിതി അദ്ധ്യക്ഷര്, കൗൺസിലർമാര്/ അംഗങ്ങള് എന്നിവരുടെ യാത്രാചെലവുകള് | 100000 |
| 92 | 2103006 എൻപിഎസ് ലേക്കുള്ള എംപ്ലോയറുടെ വിഹിതം - റെഗുലര് ജീവനക്കാര് | 400000 |
| 93 | 2103007 പെൻഷന് കോൺട്രിബ്യൂഷന് | 800000 |

| | | |
|---|---|---|
| 94 | 2104001 ടെർമിനല് ലീവ് സറണ്ടർ | 1500000 |
| 95 | 2201101 ആഫീസിലെ വൈദ്യുതി ചെലവുകള് | 400000 |
| 96 | 2201199 മറ്റ് ആഫീസ് പരിപാലന ചെലവുകള് | 800000 |
| 97 | 2201201 ടെലഫോണ് ചെലവുകള്/ ഇന്റർനെറ്റ് ചാർജ്ജുകള് | 400000 |
| 98 | 2202101 അച്ചടിയും സ്റ്റേഷനറികളും | 500000 |
| 99 | 2208099 മറ്റ് ഭരണനിർവ്വഹണ ചെലവുകള് | 1400000 |
| 100 | 2302001 വെള്ളത്തിന്റെ ചാർജ്ജുകള് - സ്ട്രീറ്റ് ടാപ്പ് | 1000000 |
| 101 | 2301001 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജുകള് | 1600000 |
| 102 | 2301002 ഇന്ധനചെലവുകള് | 600000 |
| 103 | 2304001 വാഹനങ്ങളുടെ വാടക | 600000 |
| 104 | 2305909 സംരക്ഷണവും പരിപാലനവും - മറ്റുള്ളവ | 250000 |
| 105 | 2308005 നികുതി പിരിവുമായി ബന്ധപ്പെട്ട ചെലവുകള് | 100000 |
| 106 | 2308010 അസാധാരണ ചെലവുകള് | 100000 |
| 107 | 2502001 ദാരിദ്ര്യനിവാരണ പദ്ധതിയിന്മേലുള്ള ചെലവുകള് | 14396000 |
| 108 | 2540111 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - കർഷകത്തൊഴിലാളികൾക്കുള്ള പെൻഷന് | 4007200 |
| 109 | 2540113 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - വിധവ പെൻഷന് | 11500200 |
| 110 | 2540114 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷന് | 1220200 |
| 111 | 2540115 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - ഭിന്നശേഷിക്കാർക്കുള്ള പെൻഷന് | 3958200 |
| 112 | 2540117 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 120000 |
| 113 | 2540118 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - വാർദ്ധക്യകാല പെൻഷന് | 39897900 |
| 114 | 2540138 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - സ്ത്രീസുരക്ഷാ പദ്ധതി | 10000000 |

| | | |
|---|---|---|
| 115 | 3305003 കെയുആർഡിഎഫ് സിയില് നിന്നുള്ള വായ്പകള് | 2316589 |
| 116 | 3401001 നിരതദ്രവ്യം | 300000 |
| 117 | 3401002 സുരക്ഷാ നിക്ഷേപം | 300000 |
| 118 | 3401003 പിടിച്ച് വച്ച തുക | 1000000 |
| 119 | 3402001 വാടക നിക്ഷേപം | 400000 |
| 120 | 3402006 ഇലക്ഷൻ നിക്ഷേപം (സ്ഥാനാർത്ഥി) | 160000 |
| 121 | 3501116 പെൻഷന് കോ ണ് ട്രിബ്യൂഷന് അടക്കാനുള്ളത് | 76000 |
| 122 | 3501301 തൊഴിലുടമയുടെ ബാധ്യതകള് - പെൻഷന് കോൺട്രിബ്യൂഷന് (എൻപിഎസ്) | 45000 |
| 123 | 4605002 നിർവ്വഹണ ഏജൻസികൾക്കുള്ള മുൻകൂറുകള് | 1200000 |
| 124 | 4605005 മഹാത്മാഗാന്ധി എൻആർഇജിഎസ്/ എയുഇജിഎസ് നുള്ള മുൻകൂറുകള് | 1500000 |
| 125 | 4605099 മറ്റുള്ളവർക്കുള്ള മുൻകൂര് | 200000 |

# രാമപുരം ഗ്രാമപ്പഞ്ചായത്ത് ജനകീയാസൂത്രണം 2026-27 - കരട് പദ്ധതി വിവരങ്ങൾ

| ക്രമനമ്പർ | പ്രോ. നം. | പ്രോജക്ടിന്റെ പേര് | N / S / M | വികസന ഫണ്ട് | ധനകാര്യകമ്മീഷൻ Basic | ധനകാര്യകമ്മീഷൻ Tied | തനതു ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | സംയോജിത വിഹിതങ്ങൾ | മറ്റുള്ളവ | മൊത്തം അടങ്കൽ | വിഭാഗം | നിർവഹണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 15 | 16 |
| 1 | 1 | പദ്ധതി രൂപീകരണം നിർവഹണം മോണിറ്ററിംഗ് | N | 0 | 0 | 0 | 1,50,000 | 0 | 0 | 0 | 0 | 1,50,000 | GEN | SEC |
| 2 | 2 | ഐ കെ എം വിഹിതം നൽകൽ | N | 1,02,510 | 0 | 0 | 0 | 0 | 0 | 0 | 0 | 1,02,510 | GEN | SEC |
| 3 | 3 | എസ് എസ് കെ വിഹിതം നൽകൽ | N | 4,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 4,00,000 | GEN | SEC |
| 4 | 4 | ഐ എസ് ഒ സർട്ടിഫിക്കേഷൻ | N | 1,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 1,00,000 | GEN | SEC |
| 5 | 5 | ഫോട്ടോസ്റ്റാറ്റ് മെഷീനുകൾക്ക് എഎംസി | N | 70,000 | 0 | 0 | 0 | 0 | 0 | 0 | 0 | 70,000 | GEN | SEC |
| 6 | 6 | പഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപണി കരാർ | N | 1,20,000 | 0 | 0 | 30,000 | 0 | 0 | 0 | 0 | 1,50,000 | GEN | SEC |
| 7 | 7 | ജൈവവൈവിധ്യ പ്രവർത്തനങ്ങൾ | N | 0 | 0 | 0 | 1,00,000 | 0 | 0 | 0 | 0 | 1,00,000 | GEN | SEC |
| 8 | 8 | പഞ്ചായത്തോഫീസിലേയ്ക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ | N | 2,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 2,00,000 | GEN | SEC |

| ക്രമനമ്പർ | പ്രോ. നം. | പ്രോജക്ടിന്റെ പേര് | N / S / M | വികസന ഫണ്ട് | ധനകാര്യകമ്മീഷൻ Basic | Tied | തനതു ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | നോൺ റോഡ് | സംയോജിത വിഹിതങ്ങൾ | മറ്റുള്ളവ | മൊത്തം അടങ്കൽ | വിഭാഗം | നിർവഹണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 15 | 16 |
| 9 | 9 | സോളാർ ലൈറ്റുകൾ സ്ഥാപിക്കൽ | N | 7,00,000 | 6,00,000 | 0 | 0 | 0 | 0 | 0 | 0 | 13,00,000 | GEN | SEC |
| 10 | 10 | പാലിയേറ്റീവ് കെയർ (Paliative) | N | 10,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 10,00,000 | GEN | PHC |
| 11 | 11 | വരൾച്ച കുടിവെള്ള വിതരണം | N | 0 | 0 | 0 | 2,00,000 | 0 | 0 | 0 | 0 | 2,00,000 | GEN | SEC |
| 12 | 12 | തെരുവ് വിളക്ക് പരിപാലനം | N | 5,00,000 | 5,00,000 | 0 | 2,00,000 | 0 | 0 | 0 | 0 | 12,00,000 | GEN | SEC |
| 13 | 13 | എ ഇ ഓഫീസിലെ കണ്ടിൻജൻസ് ചെലവുകൾ | N | 0 | 0 | 0 | 0 | 0 | 20,000 | 0 | 0 | 20,000 | GEN | AE |
| 14 | 14 | ഏഴാച്ചേരി ഗവ ഹോമിയോ ഡിസ്പെൻസറിയുടെ കണ്ടിൻജൻറ് ചെലവുകൾ | N | 0 | 0 | 0 | 0 | 0 | 25,000 | 0 | 0 | 25,000 | GEN | ISM |
| 15 | 15 | അംഗൻവാടികളുടെ കന്റീജൻസി ചെലവുകൾ | N | 0 | 0 | 0 | 0 | 0 | 2,00,000 | 0 | 0 | 2,00,000 | GEN | ICDS |
| 16 | 16 | കൃഷിഭവനിലെ കണ്ടിജൻസി ചെലവുകൾ | N | 75,000 | 0 | 0 | 0 | 0 | 0 | 0 | 0 | 75,000 | GEN | AO |
| 17 | 17 | എം സി എഫ് - എക്സ്ഹോസ്റ്റ് ഫാൻ സ്ഥാപിക്കൽ | N | 30,000 | 0 | 0 | 0 | 0 | 0 | 0 | 0 | 30,000 | GEN | SEC |

| ക്രമനമ്പർ | പ്രോ. നം. | പ്രോജക്ടിന്റെ | N / S / M | വികസന | ധനകാര്യകമ്മീഷൻ | | തനതു | മെയിന്റനൻസ് ഗ്രാന്റ് | | സംയോജിത | മറ്റുള്ളവ | മൊത്തം | വിഭാഗം | നിർവഹണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | പേര് | | ഫണ്ട് | Basic | Tied | ഫണ്ട് | റോഡ് | നോൺ റോഡ് | വിഹിതങ്ങൾ | | അടങ്കൽ | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 15 | 16 |
| 18 | 18 | ആയുർവ്വേദ ആശുപത്രിയുടെ കണ്ടിൻജൻസ് ചിലവുകൾ | N | 0 | 0 | 0 | 0 | 0 | 30,000 | 0 | 0 | 30,000 | GEN | ISM |
| 19 | 19 | ബഡ്സ് സ്കൂൾ ജീവനക്കാർക്ക് ഹോണറേറിയം | N | 6,00,000 | 0 | 0 | 1,74,160 | 0 | 0 | 0 | 0 | 7,74,160 | GEN | AS |
| 20 | 20 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനങ്ങൾ (Diff. Abled) | N | 1,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 1,00,000 | GEN | AS |
| 21 | 21 | സി എച്ച് സി ഡോക്ടർ ലാബ് ടെക്നീഷ്യൻ വേതനം | N | 7,00,000 | 0 | 0 | 1,37,700 | 0 | 0 | 0 | 0 | 8,37,700 | GEN | PHC |
| 22 | 22 | എൽ പി സ്കൂളുകളുടെ കണ്ടിജൻസി ചെലവുകൾ | N | 0 | 0 | 0 | 0 | 0 | 3,00,000 | 0 | 0 | 3,00,000 | GEN | HM |
| 23 | 23 | സിഎച്ച്സി യുടെ കണ്ടിജൻസി ചെലവുകൾ | N | 0 | 0 | 0 | 0 | 0 | 2,00,000 | 0 | 0 | 2,00,000 | GEN | PHC |
| 24 | 24 | വെറ്ററിനറി ഡിസ്പെൻസറിയുടെ കണ്ടിജൻസി ചെലവുകൾ | N | 0 | 0 | 0 | 0 | 0 | 60,000 | 0 | 0 | 60,000 | GEN | VETS |
| 25 | 25 | ശാരീരികവും മാനസികവുമായി ഭിന്നശേഷി ഉള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ് ബത്ത (Diff. Abled) | N | 12,00,000 | 0 | 0 | 0 | 0 | 0 | 8,00,000 | 0 | 20,00,000 | GEN | ICDS |
| 26 | 26 | സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണ വിതരണം (Child) | N | 13,00,000 | 0 | 0 | 1,00,000 | 0 | 0 | 0 | 0 | 14,00,000 | GEN | HM |

| ക്രമനമ്പർ | പ്രോ. നം. | പ്രോജക്ടിന്റെ പേര് | N / S / M | വികസന ഫണ്ട് | ധനകാര്യകമ്മീഷൻ Basic | ധനകാര്യകമ്മീഷൻ Tied | തനതു ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | സംയോജിത വിഹിതങ്ങൾ | മറ്റുള്ളവ | മൊത്തം അടങ്കൽ | വിഭാഗം | നിർവഹണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 15 | 16 |
| 27 | 27 | അതിദരിദ്രർക്കു ഭക്ഷണ കിറ്റ് വിതരണം (Vulnerable) | N | 1,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 1,00,000 | GEN | ICDS |
| 28 | 28 | ഉണർവ് - ഞങ്ങളാണ് ശരി - ബാലസൗഹൃദ പ്രവർത്തനങ്ങൾ (Child) | N | 1,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 1,00,000 | GEN | ICDS |
| 29 | 29 | മൃഗാശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ | N | 0 | 0 | 0 | 0 | 0 | 3,00,000 | 0 | 0 | 3,00,000 | GEN | VETS |
| 30 | 30 | ഏഴാച്ചേരി ഗവ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | N | 0 | 0 | 0 | 0 | 0 | 2,50,000 | 0 | 0 | 2,50,000 | GEN | MO HOM |
| 31 | 31 | ആയുർവ്വേദ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ | N | 0 | 0 | 0 | 0 | 0 | 7,50,000 | 0 | 0 | 7,50,000 | GEN | ISM |
| 32 | 32 | സോഡിയം വേപ്പർ ലാമ്പുകൾക്ക് എ എം സി | N | 0 | 1,50,000 | 0 | 0 | 0 | 0 | 0 | 0 | 1,50,000 | GEN | SEC |
| 33 | 33 | ലൈഫ് ഭവനപദ്ധതി ജനറൽ (പാർപ്പിടം) | N | 30,54,400 | 0 | 0 | 0 | 0 | 0 | 15,00,000 | 5,00,000 | 50,54,400 | GEN | VEO |
| 34 | 34 | ലൈഫ് ഭവനപദ്ധതി എസ്സ്സിപി (പാർപ്പിടം) | N | 10,00,000 | 0 | 0 | 0 | 0 | 0 | 7,50,000 | 2,50,000 | 20,00,000 | SCP | VEO |
| 35 | 35 | ലൈഫ് ഭവനപദ്ധതി ടി എസ് പി (പാർപ്പിടം) | N | 1,00,000 | 0 | 0 | 0 | 0 | 0 | 3,00,000 | 3,00,000 | 7,00,000 | TSP | VEO |

| ക്രമനമ്പർ | പ്രോ. നം. | പ്രോജക്ടിന്റെ പേര് | N / S / M | വികസന ഫണ്ട് | ധനകാര്യകമ്മീഷൻ Basic | Tied | തനതു ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | നോൺ റോഡ് | സംയോജിത വിഹിതങ്ങൾ | മറ്റുള്ളവ | മൊത്തം അടങ്കൽ | വിഭാഗം | നിർവഹണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 15 | 16 |
| 36 | 36 | പി എം എ വൈ ഭവനനിർമ്മാണം (പാർപ്പിടം) | N | 2,80,000 | 0 | 0 | 0 | 0 | 0 | 0 | 0 | 2,80,000 | GEN | VEO |
| 37 | 37 | സ്മാർട്ട് അംഗൻവാടി (Child) | N | 6,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 6,00,000 | GEN | ICDS |
| 38 | 38 | പച്ചക്കറി കൃഷിക്കായി ചട്ടി വിതരണം | N | 7,50,000 | 0 | 0 | 0 | 0 | 0 | 0 | 0 | 7,50,000 | GEN | AO |
| 39 | 39 | തെങ്ങു കൃഷിക്കു ജൈവ വളം കുമ്മായം ഡോ ളോ മയിറ്റ് വിതരണം | N | 7,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 7,00,000 | GEN | AO |
| 40 | 40 | ടിഷ്യൂ കൾച്ചർ വാഴ തൈ വിതരണം | N | 1,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 1,00,000 | GEN | AO |
| 41 | 41 | കുറ്റികുരുമുളക് തൈ വിതരണം | N | 1,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 1,00,000 | GEN | AO |
| 42 | 42 | എട്ട് അങ്ങാടി കിഴങ്ങ് വിള വിതരണം | N | 5,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 5,00,000 | GEN | AO |
| 43 | 43 | കൂൺ കൃഷി | N | 2,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 2,00,000 | GEN | AO |
| 44 | 44 | ആട്ടിൻകുട്ടി വിതരണം | N | 6,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 6,00,000 | GEN | VETS |

| ക്രമനമ്പർ | പ്രോ. നം. | പ്രോജക്ടിന്റെ പേര് | N / S / M | വികസന ഫണ്ട് | ധനകാര്യകമ്മീഷൻ Basic | Tied | തനതു ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | നോൺ റോഡ് | സംയോജിത വിഹിതങ്ങൾ | മറ്റുള്ളവ | മൊത്തം അടങ്കൽ | വിഭാഗം | നിർവഹണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 15 | 16 |
| 45 | 45 | കൃഷിയ്ക്ക് ജലസേചന പമ്പ് സെറ്റുകൾക്ക് സബ്സിഡി | N | 1,50,000 | 0 | 0 | 0 | 0 | 0 | 0 | 0 | 1,50,000 | GEN | AO |
| 46 | 46 | ബ്രഷ് കട്ടർ വിതരണം | N | 1,25,000 | 0 | 0 | 0 | 0 | 0 | 0 | 0 | 1,25,000 | GEN | AO |
| 47 | 47 | വാഴ കൃഷിക്ക് സബ്സിഡി | N | 2,40,000 | 0 | 0 | 0 | 0 | 0 | 0 | 0 | 2,40,000 | GEN | AO |
| 48 | 48 | കപ്പ  കൃഷിക്ക് സബ്സിഡി | N | 10,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 10,00,000 | GEN | AO |
| 49 | 49 | സമഗ്ര നെൽകൃഷി വികസനം | N | 6,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 6,00,000 | GEN | AO |
| 50 | 50 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | N | 14,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 14,00,000 | GEN | DFI |
| 51 | 51 | കറവ പശുക്കൾക്ക് കാലിത്തീറ്റ | N | 10,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 10,00,000 | GEN | DFI |
| 52 | 52 | മിനറൽ മിസ്ച്ചർ വിതരണം | N | 2,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 2,00,000 | GEN | DFI |
| 53 | 53 | മുട്ടക്കോഴി വിതരണം | N | 8,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 8,00,000 | GEN | VETS |

| ക്രമനമ്പർ | പ്രോ. നം. | പ്രോജക്റ്റിന്റെ | N / S / M | വികസന | ധനകാര്യകമ്മീഷൻ | | തനതു | മെയിന്റനൻസ് ഗ്രാന്റ് | | സംയോജിത | മറ്റുള്ളവ | മൊത്തം | വിഭാഗം | നിർവഹണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | പേര് | | ഫണ്ട് | Basic | Tied | ഫണ്ട് | റോഡ് | നോൺ റോഡ് | വിഹിതങ്ങൾ | | അടങ്കൽ | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 15 | 16 |
| 54 | 54 | പഞ്ചായത്ത് കമ്മിറ്റി ഹാൾ, പഞ്ചായത്ത് ഓഫീസിൽ നവീകരണം (എ.സി സ്ഥാപിക്കൽ) | N | 4,00,000 | 0 | 0 | 1,00,000 | 0 | 0 | 0 | 0 | 5,00,000 | GEN | SEC |
| 55 | 55 | സുന്ദരം രാമപുരം - രാമപുരം ടൌൺ സൗന്ദര്യവത്കരണം | N | 0 | 3,00,000 | 0 | 0 | 0 | 0 | 0 | 0 | 3,00,000 | GEN | SEC |
| 56 | 56 | വീട് വാസയോഗ്യമാക്കൽ (പാർപ്പിടം) | N | 6,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 6,00,000 | SCP | VEO |
| 57 | 57 | എസ്സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | N | 6,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 6,00,000 | SCP | HM |
| 58 | 58 | എസ്സ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | N | 2,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 2,00,000 | SCP | AS |
| 59 | 59 | എസ് സി കുടുംബങ്ങൾക്ക് ഗാർഹിക സോളാർ ലൈറ്റുകളുടെ വിതരണം | N | 3,04,000 | 0 | 0 | 0 | 0 | 0 | 0 | 0 | 3,04,000 | SCP | AS |
| 60 | 60 | എസ് സി സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം - വ്യക്തിഗതം | N | 1,80,000 | 0 | 0 | 0 | 0 | 0 | 0 | 0 | 1,80,000 | SCP | AS |
| 61 | 61 | വാട്ടർ ടാങ്ക് വിതരണം - എസ് സി | N | 2,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 2,00,000 | SCP | VEO |
| 62 | 62 | എസ് റ്റി കുടുംബങ്ങൾക്ക് ഗാർഹിക സോളാർ ലൈറ്റുകളുടെ വിതരണം | N | 1,04,000 | 0 | 0 | 0 | 0 | 0 | 0 | 0 | 1,04,000 | TSP | VEO |

| ക്രമനമ്പർ | പ്രോ. നം. | പ്രോജക്ടിന്റെ | N / S / M | വികസന | ധനകാര്യകമ്മീഷൻ | | തനതു | മെയിന്റനൻസ് ഗ്രാന്റ് | | സംയോജിത | മറ്റുള്ളവ | മൊത്തം | വിഭാഗം | നിർവഹണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | പേര് | | ഫണ്ട് | Basic | Tied | ഫണ്ട് | റോഡ് | നോൺ റോഡ് | വിഹിതങ്ങൾ | | അടങ്കൽ | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 15 | 16 |
| 63 | 63 | വാട്ടർ ടാങ്ക് വിതരണം - എസ് റ്റി | N | 1,04,000 | 0 | 0 | 0 | 0 | 0 | 0 | 0 | 1,04,000 | TSP | VEO |
| 64 | 64 | എസ് റ്റി വീട് മെയ്ന്റനൻസ് | N | 1,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 1,00,000 | TSP | VEO |
| 65 | 65 | ഇനോക്കുലം നിർമ്മാണ യൂണിറ്റ് (Women) | N | 3,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 3,00,000 | GEN | AS |
| 66 | 66 | വനികൾക്ക് അനീമിയ സ്ക്രീനിംഗ് (Women) | N | 50,000 | 0 | 0 | 0 | 0 | 0 | 0 | 0 | 50,000 | GEN | PHC |
| 67 | 67 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | N | 6,00,000 | 0 | 0 | 6,00,000 | 0 | 0 | 0 | 0 | 12,00,000 | GEN | SEC |
| 68 | 68 | എഴാച്ചേരി ഗവ എൻ എസ് എസ് സ്കൂൾ നവീകരണം | N | 0 | 0 | 0 | 0 | 0 | 5,00,000 | 0 | 0 | 5,00,000 | GEN | AE |
| 69 | 69 | നെല്ലാപ്പാറ അംഗൻവാടി നവീകരണം | N | 0 | 0 | 0 | 0 | 0 | 3,00,000 | 0 | 0 | 3,00,000 | GEN | AE |
| 70 | 70 | മരങ്ങാട് അംഗൻവാടി പൂർത്തീകരണം | N | 0 | 0 | 0 | 0 | 0 | 4,00,000 | 0 | 0 | 4,00,000 | GEN | AE |
| 71 | 71 | ലക്ഷം വീട് അംഗൻവാടി ഗ്രിൽ സ്ഥാപിക്കൽ | N | 0 | 0 | 0 | 0 | 0 | 1,00,000 | 0 | 0 | 1,00,000 | GEN | AE |

| ക്രമനമ്പർ | പ്രോ. നം. | പ്രോജക്ടിന്റെ | N / S / M | വികസന | ധനകാര്യകമ്മീഷൻ | | തനതു | മെയിന്റനൻസ് ഗ്രാന്റ് | | സംയോജിത | മറ്റുള്ളവ | മൊത്തം | വിഭാഗം | നിർവഹണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | പേര് | | ഫണ്ട് | Basic | Tied | ഫണ്ട് | റോഡ് | നോൺ റോഡ് | വിഹിതങ്ങൾ | | അടങ്കൽ | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 15 | 16 |
| 72 | 72 | ചക്കാമ്പുഴ സ്കൂൾ പെയിന്റിംഗ് | N | 0 | 0 | 0 | 0 | 0 | 3,00,000 | 0 | 0 | 3,00,000 | GEN | AE |
| 73 | 73 | ഗവ എൽ പി സ്കൂൾ രാമപുരം നവീകരണം | N | 0 | 0 | 0 | 0 | 0 | 3,00,000 | 0 | 0 | 3,00,000 | GEN | AE |
| 74 | 74 | കൊണ്ടാട് ഗവ എൽ പി സ്കൂൾ നവീകരണം | N | 0 | 0 | 0 | 0 | 0 | 2,00,000 | 0 | 0 | 2,00,000 | GEN | AE |
| 75 | 75 | വെള്ളിലാപ്പിള്ളി ഹെൽത്ത് സെന്റർ നവീകരണം | N | 0 | 0 | 0 | 0 | 0 | 2,00,000 | 0 | 0 | 2,00,000 | GEN | AE |
| 76 | 76 | ചേറ്റുകുളം സാംസ്കാരിക നിലയം മെയ്ന്റനൻസ് | N | 0 | 0 | 0 | 0 | 0 | 2,00,000 | 0 | 0 | 2,00,000 | GEN | AE |
| 77 | 77 | അംഗൻവാടി അടുക്കള ഉപകരണങ്ങൾ വാങ്ങൽ | N | 0 | 0 | 0 | 0 | 0 | 2,00,000 | 0 | 0 | 2,00,000 | GEN | ICDS |
| 78 | 78 | വാർഡ് 8 അംഗൻവാടി മെയ്ന്റനൻസ് | N | 0 | 0 | 0 | 0 | 0 | 3,00,000 | 0 | 0 | 3,00,000 | GEN | AE |
| 79 | 79 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം (Aged) | N | 5,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 5,00,000 | GEN | ICDS |
| 80 | 80 | വയോജനങ്ങൾക്ക് ഡിജിറ്റൽ ബ്ലഡ് പ്രഷർ മോണിറ്റർ (Aged) | N | 4,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 4,00,000 | GEN | PHC |

| ക്രമനമ്പർ | പ്രോ. നം. | പ്രോജക്ടിന്റെ പേര് | N / S / M | വികസന ഫണ്ട് | ധനകാര്യകമ്മീഷൻ Basic | Tied | തനതു ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | നോൺ റോഡ് | സംയോജിത വിഹിതങ്ങൾ | മറ്റുള്ളവ | മൊത്തം അടങ്കൽ | വിഭാഗം | നിർവഹണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 15 | 16 |
| 81 | 81 | വനിതാ കാർഷിക വിപണന കേന്ദ്രം ഓപ്പൺ മാർക്കറ്റ് നിർമ്മാണം (Women) | N | 10,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 10,00,000 | GEN | AE |
| 82 | 82 | വനിതാ കാർഷിക വിപണന കേന്ദ്രം മെയ്ന്റനൻസ് (Women) | N | 5,00,000 | 0 | 0 | 0 | | 0 | 0 | 0 | 5,00,000 | GEN | AE |
| 83 | 83 | വനിതകൾക്ക് ഓപ്പൺ ജിം (Women) | N | 18,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 18,00,000 | GEN | SEC |
| 84 | 84 | വീട് മെയ്ന്റനൻസ് (പാർപ്പിടം) | N | 38,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 38,00,000 | GEN | VEO |
| 85 | 85 | കറവ പശു വിതരണം | N | 5,40,000 | 0 | 0 | 0 | 0 | 0 | 0 | 0 | 5,40,000 | GEN | DFI |
| 86 | 86 | പഞ്ചായത്ത് ഗ്രൗണ്ട് നവീകരണം | N | 5,00,000 | 5,00,000 | 0 | 0 | 0 | 0 | 0 | 0 | 10,00,000 | GEN | AE |
| 87 | 87 | അനുപൂരക പോഷകാഹാര വിതരണം (Child) | N | 6,00,000 | 0 | 0 | 0 | 0 | 0 | 18,00,000 | 0 | 24,00,000 | GEN | ICDS |
| 88 | 88 | കോക്ക്ലിയർ ഇമ്പ്ലാന്റേഷൻ മൈന്റെണൻസ് (Diff. Abled) | N | 50,000 | 0 | 0 | 0 | 0 | 0 | 0 | 0 | 50,000 | GEN | ICDS |
| 89 | 89 | സമ്പൂർണ ഡാറ്റാ കളക്ഷൻ | N | 1,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 1,00,000 | GEN | SEC |

| ക്രമനമ്പർ | പ്രോ. നം. | പ്രോജക്ടിന്റെ | N / S / M | വികസന | ധനകാര്യകമ്മീഷൻ | | തനതു | മെയിന്റനൻസ് ഗ്രാന്റ് | | സംയോജിത | മറ്റുള്ളവ | മൊത്തം | വിഭാഗം | നിർവഹണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | പേര് | | ഫണ്ട് | Basic | Tied | ഫണ്ട് | റോഡ് | നോൺ റോഡ് | വിഹിതങ്ങൾ | | അടങ്കൽ | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 15 | 16 |
| 90 | 90 | രാമപുരം ഗ്രാമപഞ്ചായത്തിലെ വിവിധ റോഡുകളുടെ മെയ്ന്റനൻസ് | N | 0 | 0 | 0 | 0 | 2,09,27,000 | 0 | 0 | 0 | 2,09,27,000 | GEN | AE |
| 91 | 91 | ദന്താരോഗ്യം കുട്ടികളിൽ (Child) | N | 1,00,000 | 0 | 0 | 0 | 0 | 0 | 0 | 0 | 1,00,000 | GEN | PHC |
| | | ആകെ തുക | | 3,45,28,910 | 20,50,000 | 0 | 17,91,860 | 2,09,27,000 | 51,35,000 | 51,50,000 | 10,50,000 | 7,06,32,770 | | |
| | | | | | | | | | | | | | | |
| | | മൊത്തം | | 3,45,28,910 | 20,50,000 | 0 | 17,91,860 | 2,09,27,000 | 51,35,000 | 51,50,000 | 10,50,000 | 7,06,32,770 | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |

# ഉപസംഹാരം

രാമപുരം ഗ്രാമപഞ്ചായത്തിന്റെ 2026-27 വർഷത്തിലേക്കുള്ള വിവിധ വിഭാഗങ്ങളിലുള്ള വരവും വിവിധ ഇനത്തിലുള്ള ചിലവും ഉൾപ്പെടുത്തി തയ്യാറാക്കിയ വിശദമായ ബജറ്റ് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചുകൊള്ളുന്നു

07/03/2026
രാമപുരം

**സിന്ധു ടോം**
**വൈസ് പ്രസിഡന്റ്**

LSGD
തദ്ദേശ സ്വയംഭരണ വകുപ്പ്

# ചെറുതല്ല വലുതാണ്

നാട്ടിലെ മാലിന്യം ശേഖരിച്ചു സംസ്കരിക്കാൻ
ഹരിതകർമ്മ സേനാ അംഗങ്ങൾ എടുക്കുന്ന പ്രയത്നവും
അവ പ്രകൃതിയിലുണ്ടാക്കുന്ന അടയാളവും
**ചെറുതല്ല, വലുതാണ്**




# BUDGET 2026-27

**RAMAPURAM**
**GRAMAPANCHAYAT**